# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

2020 മാർച്ച് 16, തിങ്കൾ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ-30]**

മറുപടി നൽകുന്ന മന്ത്രിമാർ

കൃഷി വകുപ്പുമന്ത്രി

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി

ഗതാഗത വകുപ്പ് മന്ത്രി

### തദ്ദേശസ്വയംഭരണ സർവീസിലെ കാര്യക്ഷമത

*271. ശ്രീ.വി. അബ്ദുറഹിമാൻ

ശ്രീമതിപി. അയിഷാ പോറ്റി

ശ്രീ.ബി.സത്യൻ

,, എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത തദ്ദേശസ്വയംഭരണ സർവീസ് രൂപീകരിച്ചതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കി മാറ്റിയതും കാര്യക്ഷമമായ തദ്ദേശസ്വയംഭരണ സർവീസിന് പ്രചോദനമായിട്ടുണ്ടോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ വിവിധ സേവനങ്ങൾക്കായി സമീപിക്കുന്നവരോട് സൗഹാർദ്ദപരമായി പെരുമാറുന്നുണ്ടെന്നും സുതാര്യവും കാര്യക്ഷമവുമായ സേവനം പ്രദാനം ചെയ്യുന്നുണ്ടെന്നും ഉറപ്പ് വരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(സി) പശ്ചാത്തല സൗകര്യവും പ്രവർത്തനാന്തരീക്ഷവും മെച്ചപ്പെടുത്തിയും സാങ്കേതികവിദ്യാധിഷ്ഠിത സേവനങ്ങൾ ഏർപ്പെടുത്തിക്കൊണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയെല്ലാം ഐ.എസ്.ഒ. നിലവാരത്തിലേക്കുയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

### പച്ചക്കറി കൃഷി മേഖലയിൽ സ്വയംപര്യാപ്തത

*272. ശ്രീ.എ.പി. അനിൽ കുമാർ

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

,, റോജി എം. ജോൺ

,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം പച്ചക്കറി കൃഷി മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കും എന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാൻ സാധിച്ചിട്ടുണ്ടോ; ഇത് നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ജൈവ പച്ചക്കറി കൃഷിയിൽ ഊന്നിക്കൊണ്ടുള്ള ജനകീയ ക്യാമ്പയിൻ ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(സി) അൻപതിനായിരം ഹെക്ടറിൽ ജൈവപച്ചക്കറി കൃഷി വ്യാപിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്;

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ എത്ര ഹെക്ടറിൽ ജൈവപച്ചക്കറി കൃഷി ആരംഭിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ?

## കുടുംബശ്രീയുടെ ശക്തീകരണം

*273. ശ്രീ.ജോൺ ഫെർണാണ്ടസ്

,, കെ. ആൻസലൻ

,, ബി.ഡി. ദേവസ്സി

,, ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത പദ്ധതി പ്രകാരമുള്ള ആയിരം ഹോട്ടലുകൾ, ഇരുപതിനായിരം ഏക്കറിൽ ജൈവ സംഘകൃഷി തുടങ്ങി കേരള സമൂഹത്തിന്റെ മുഖഛായ തന്നെ മാറ്റുന്ന തരത്തിലുള്ള ബൃഹദ് പദ്ധതികൾ ഏറ്റെടുത്തു നടത്തുവാൻ കഴിവ് നേടുംവിധം കുടുംബശ്രീയെ ശക്തീകരിക്കുവാൻ ഈ സർക്കാർ നടത്തിയ ഇടപെടലുകൾ എന്തെല്ലാമായിരുന്നെന്ന് അറിയിക്കാമോ;

(ബി) കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള വരുമാനദായക പ്രവർത്തനങ്ങൾ മൂലം കുടുംബശ്രീ യൂണിറ്റുകൾക്കും അംഗങ്ങൾക്കും ഉപജീവനത്തിന് വരുമാനം സൃഷ്ടിക്കാൻ കഴിയുന്ന രീതിയിൽ സാമ്പത്തിക ഭദ്രത കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) കുടുംബശ്രീ ഉല്പന്നങ്ങൾക്ക് നിലവാരം നിർണ്ണയിച്ച് ഏകീകൃത ബ്രാൻഡിംഗ് നൽകി അവയുടെ വിപണനം മെച്ചപ്പെടുത്താനുള്ള പ്രവർത്തനം ഫലപ്രദമായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

## മൾട്ടിലെവൽ പാർക്കിംഗ് സൗകര്യങ്ങൾ

*274. ശ്രീ.പാറക്കൽ അബ്ദുല്ല

,, കെ.എൻ.എ ഖാദർ

,, എൻ .എ.നെല്ലിക്കുന്ന്

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന വാഹന പാർക്കിംഗ് സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) വാഹനപ്പെരുപ്പം മൂലം വരുംകാലങ്ങളിൽ ആധുനിക മൾട്ടിലെവൽ പാർക്കിംഗ് സൗകര്യങ്ങൾ ആവശ്യമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് എവിടെയൊക്കെ ഇത്തരം മൾട്ടിലെവൽ പാർക്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുമെന്നും ഇതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദീകരിക്കുമോ?

## കൃഷി ഉപജീവനമാക്കിയവർക്ക് സൗജന്യ വൈദ്യുതി

*275. ശ്രീ.പി.കെ.അബ്ദു റബ്ബ്

,, എം.ഉമ്മർ

,, കെ.എം.ഷാജി

,, ടി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ഉപജീവനമാക്കിയവർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി നിലവിലുണ്ടോയെന്നറിയിക്കുമോ;

(ബി) ഈ പദ്ധതിയുടെ നിബന്ധനകൾ എന്തെല്ലാമാണ്;

(സി) ആനുകൂല്യത്തിന് അർഹരായവരുടെ പട്ടിക വൈദ്യുതി ബോർഡിന് നൽകുന്നതിൽ കൃഷിഭവൻ വീഴ്ച വരുത്തുന്നതിനെത്തുടർന്ന് കർഷകർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

## അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

*276. ശ്രീമതി ഇ.എസ്.ബിജിമോൾ

ശ്രീ.ഇ.കെ.വിജയൻ

,, എൽദോ എബ്രഹാം

,, വി.ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികൾ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ഈ സർക്കാർ നിലവിൽ വന്നശേഷം വകയിരുത്തിയ തുകയും സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഈ പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ ജോലി നോക്കുന്ന തൊഴിലാളികളുടെ വേതനം ഈ സർക്കാർ വർദ്ധിപ്പിച്ച് നല്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## പച്ചക്കറി കൃഷി-സംഭരണ പ്രോത്സാഹനം

*277. ശ്രീ.പി.ടി. തോമസ്

,, എം. വിൻസെന്റ്

,, വി.എസ്.ശിവകുമാർ

,, അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിക്കാരുടെ പ്രൊഡ്യൂസർ കമ്പനികൾ, ഹോർട്ടികൾച്ചർ കോർപ്പറേഷൻ എന്നിവ വഴി പച്ചക്കറിക്ക് തറവില നൽകുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) പച്ചക്കറി ഉല്പാദന കേന്ദ്രങ്ങളിൽ സംഭരണത്തിന് ചില്ലർ സ്റ്റോറേജുകൾ ഏർപ്പെടുത്തും എന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) സംയോജിത ബഹുവിള പുരയിടകൃഷി വികസനത്തിന് വീട്ടുവളപ്പ് അയൽക്കൂട്ടങ്ങളുടെ ക്ലസ്റ്റർ രൂപീകരിച്ച് ഉല്പാദനോപാധികളുടെ വിതരണം, ചെറുകിട യന്ത്രവൽക്കരണം, സസ്യസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ കാര്യക്ഷമമാക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) നഗര കൃഷിക്ക് പ്രോത്സാഹനം നൽകും എന്ന പ്രഖ്യാപനം നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

<u>റബ്ബർ കർഷകരുടെ സംരക്ഷണം</u>

*278. ശ്രീ.കാരാട്ട് റസാഖ്

,, കെ.സുരേഷ് കുറുപ്പ്

,, ആന്റണി ജോൺ

,, കെ.യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ ഏർപ്പെട്ട ആസിയാൻ കരാർ പ്രകാരം റബ്ബർ ഇറക്കുമതി സുലഭമായതുകാരണം, സംസ്ഥാനത്തെ സമ്പദ് വ്യവസ്ഥയെ ചലനാത്മകമാക്കുന്നതിൽ പ്രധാന പങ്കുവഹിച്ചിരുന്ന റബ്ബർ കൃഷി നേരിടുന്ന തകർച്ച പരിഹരിക്കാൻ കേന്ദ്രസർക്കാർ ഏതെങ്കിലും തരത്തിലുള്ള സഹായം നൽകിവരുന്നുണ്ടോ;

(ബി) 2015 ൽ രാജ്യസഭയിൽ സമർപ്പിക്കപ്പെട്ട റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ അക്കാലത്ത് തന്നെ ഉല്പാദന ചെലവായി കിലോഗ്രാമിന് നൂററിയറുപത് രൂപ കണക്കാക്കിയിരുന്ന സ്ഥാനത്ത് നിലവിലെ മാർക്കറ്റിൽ കർഷകർക്ക് അതിന്റെ 70-75 ശതമാനം വില മാത്രം ലഭിക്കുന്നതിനാൽ, ചെറുകിട കർഷകരെ സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ നൽകിവരുന്ന സഹായത്തെക്കുറിച്ച് അറിയിക്കാമോ;

(സി) സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യപ്പെട്ടതിനെത്തുടർന്ന് രൂപീകരിച്ച റബ്ബർ ടാസ്ക് ഫോഴ്സിന്റെ മുമ്പാകെ സംസ്ഥാനം സമർപ്പിച്ച ആവശ്യങ്ങളും ശിപാർശകളും എന്തെല്ലാമാണ് എന്ന് അറിയിക്കുമോ?

<u>സ്മാർട്ട് സിറ്റി പദ്ധതി</u>

*279. ശ്രീ.വി.എസ്.ശിവകുമാർ

,, കെ.എസ്.ശബരീനാഥൻ

,, എം. വിൻസെന്റ്

,, അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നഗരവികസനത്തിനായി ആവിഷ്ക്കരിച്ച സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരത്തും കൊച്ചിയിലും നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ നിലവിൽ എന്തെങ്കിലും പ്രതിബന്ധമോ, തടസ്സമോ നേരിട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) കേന്ദ്ര, സംസ്ഥാന വിഹിതങ്ങളായി തിരുവനന്തപുരം നഗരസഭയ്ക്കും കൊച്ചി നഗരസഭയ്ക്കും എന്ത് തുകയാണ് ലഭിച്ചതെന്നും അതിൽ എത്ര ശതമാനം തുക വിനിയോഗിച്ചുവെന്നും വെളിപ്പെടുത്താമോ;

(ഡി) സ്മാർട്ട് സിറ്റി പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുവാൻ വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ നടത്തി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ലൈഫ് പദ്ധതിയിൽ നിർമ്മിച്ച വീടുകൾ</u>

*280. ശ്രീ.ബി.ഡി. ദേവസ്സി

,, പി.കെ. ശശി

,, മുരളി പെരുനെല്ലി

,, സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ നിർമ്മിച്ച വീടുകൾ തങ്ങളുടെ ഭരണകാലത്ത് നിർമ്മിച്ചതായിരുന്നെന്ന് ചിലരും ഈ പദ്ധതി നടപ്പാക്കുന്നതിന് മുഴുവൻ തുകയും വഹിക്കുന്നത് കേന്ദ്രസർക്കാരാണെന്ന് വേറെ ചിലരും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ വ്യാപകപ്രചരണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലൈഫ് പദ്ധതിയിൽ എത്ര വീടുകൾ നിർമ്മിച്ചെന്നും ഈ പദ്ധതിയിൽ ഓരോ ഗുണഭോക്താവിനും നൽകുന്ന തുകയെത്രയെന്നും അറിയിക്കാമോ; പദ്ധതിയുടെ മൂന്നാംഘട്ടത്തിന്റെ പുരോഗതി അറിയിക്കാമോ;

(സി) കേന്ദ്ര സർക്കാരിന്റെ പി.എം.എ.വൈ.(ഗ്രാമീൺ) പദ്ധതിയിലും പി.എം.എ.വൈ. (നഗരം) പദ്ധതിയിലും എത്ര വീടുകൾക്ക് അനുമതി ലഭിച്ചെന്നും ഓരോ വീടിനും എത്ര രൂപ വച്ചു നൽകുന്നെന്നും അതിൽ കേന്ദ്ര, സംസ്ഥാന വിഹിതമെത്രയെന്നും വ്യക്തമാക്കാമോ?

<u>ലൈഫ് പദ്ധതിയിലെ പണി പൂർത്തിയാകാത്ത വീടുകൾ</u>

*281. ശ്രീ.റോജി എം. ജോൺ

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

,, വി.ഡി.സതീശൻ

,, എ.പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവനപദ്ധതി പ്രകാരം രണ്ട് ലക്ഷം വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയതിന്റെ ആഘോഷം സംസ്ഥാനത്ത് നടത്തിയിരുന്നോ;

(ബി) പല ആദിവാസി സെറ്റിൽമെന്റുകളിലെയും കുടുംബങ്ങൾ വളച്ചുകെട്ടിയ കൂരകളിൽ ദുരിത ജീവിതം നയിക്കുമ്പോൾ ഇത്തരം ആഘോഷങ്ങൾ സംഘടിപ്പിച്ചത് ഏത് സാഹചര്യത്തിലാണെന്ന് അറിയിക്കാമോ;

(സി) വെള്ളറടയിലെ അമ്പൂരി പഞ്ചായത്തിൽ ഉൾപ്പെട്ട സെറ്റിൽമെന്റുകളിലെ 27 ആദിവാസി കുടുംബങ്ങൾക്ക് ലൈഫ് പദ്ധതിയിൽ ഒന്നര വർഷം മുമ്പ് പണി തുടങ്ങിയ വീടുകൾ പൂർത്തിയാകാതെ അവർ ദുരിത ജീവിതം നയിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇപ്രകാരം പല കോളനികളിലെയും കുടുംബങ്ങൾക്ക് പല ഗഡുക്കളും കുടിശ്ശികയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) കുടിശ്ശിക തുക അടിയന്തരമായി അനുവദിച്ച് അവരുടെ ദുരിത ജീവിതത്തിന് അറുതി വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

## സാങ്കേതികശാസ്ത്ര വിദ്യാഭ്യാസ രംഗം മികച്ചതാക്കുവാൻ നടപടി

*282. ശ്രീ.റ്റി.വി.രാജേഷ്

,, യു. ആർ. പ്രദീപ്

,, പി.വി. അൻവർ

,, കെ.ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതികശാസ്ത്ര വിദ്യാഭ്യാസ രംഗം കൂടുതൽ മികച്ചതാക്കുന്നതിന് സാങ്കേതികശാസ്ത്ര സർവ്വകലാശാലയുടെ പ്രവർത്തനത്തിൽ കാര്യക്ഷമതാ വർദ്ധനവിനുദ്ദേശിക്കുന്ന മാറ്റങ്ങൾ എന്തെല്ലാമാണ്;

(ബി) പരീക്ഷാനടത്തിപ്പ് കുറ്റമറ്റതാക്കുന്നതിനും യുക്തിഭദ്രമായ രീതിയിൽ മൂല്യനിർണ്ണയം നടത്തി യഥാസമയം പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിനും നടപടിയെടുത്തിട്ടുണ്ടോ;

(സി) കഴിഞ്ഞ അക്കാദമിക വർഷം ഒറ്റ വിദ്യാർത്ഥി പോലും പ്രവേശനം നേടാത്ത സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ ഉണ്ടായിരുവെന്നത് ഇത്തരം കോളേജുകളുടെ പരിതാപകരമായ നിലവാരം വെളിപ്പെടുത്തുന്നതായതിനാൽ പ്രശ്നപരിഹാരത്തിന് സർക്കാർ എത്തരത്തിൽ ഇടപെട്ടുവരുന്നെന്ന് അറിയിക്കാമോ?

## അസാപ്പിന്റെ പ്രവർത്തനങ്ങൾ

T *283. ശ്രീ.അനൂപ് ജേക്കബ്

,, ടി.ജെ. വിനോദ്

,, എ.പി. അനിൽ കുമാർ

ശ്രീമതിഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന നൈപുണ്യ വികസന പദ്ധതിയുടെ ഭാഗമായി ആരംഭിച്ച അസാപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) വിദ്യാർത്ഥികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് അസാപ്പിന്റെ നേതൃത്വത്തിൽ നൽകുന്ന പരിശീലന പരിപാടികൾ എന്തൊക്കെയാണെന്നും ഏതൊക്കെ മേഖലകളിലാണ് പരിശീലനം നൽകുന്നതെന്നും അറിയിക്കാമോ;

(സി) പ്രസ്തുത പരിശീലനം വിദ്യാർത്ഥികളുടെ തൊഴിൽ സാധ്യത ഉയർത്തുന്നതിനും അവരുടെ തൊഴിൽ വൈദഗ്ധ്യത്തിന്റെ മേന്മ വർദ്ധിപ്പിക്കുന്നതിനും സഹായകമായതായി വിലയിരുത്തുന്നുണ്ടോ;

(ഡി) അസാപ്പിന്റെ ആഭിമുഖ്യത്തിൽ ടീച്ചേഴ്സ് ട്രെയിനിംഗ് അക്കാദമി ആരംഭിച്ചിട്ടുണ്ടോ; അതുമൂലം ഉണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

<u>വിള ആരോഗ്യപരിപാലന പദ്ധതി</u>

*284. ശ്രീ.ഇ.കെ.വിജയൻ

,, ചിറ്റയം ഗോപകുമാർ

,, ആർ. രാമചന്ദ്രൻ

ശ്രീമതി സി.കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന വിള ആരോഗ്യപരിപാലന പദ്ധതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി പഞ്ചായത്തടിസ്ഥാനത്തിൽ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അവയുടെ പ്രവർത്തനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അറിയിക്കുമോ;

(സി) ജില്ലാതല റഫറൽ ക്ലിനിക്കുകൾ എവിടെയൊക്കെ സ്ഥാപിച്ചിട്ടുണ്ട് എന്നറിയിക്കുമോ;

(ഡി) കേരള സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന കീടനിരീക്ഷണ നിയന്ത്രണ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ഇ) സംസ്ഥാനത്ത് കീടരോഗ നിരീക്ഷണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ;എങ്കിൽ അവയുടെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

<u>സ്വയംഭരണ കോളേജുകളുടെ പ്രവർത്തനം</u>

*285. ശ്രീ.വി. ജോയി

,, എ. പ്രദീപ്കുമാർ

ശ്രീമതിവീണാ ജോർജ്ജ്

ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളുടെ നിലവാരത്തെപ്പറ്റി പഠിക്കാൻ നിയോഗിച്ച കമ്മറ്റിയുടെ റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) ഇത്തരം കോളേജുകൾ അക്കാദമിക രംഗത്തുമാത്രമല്ല അഡ്മിനിസ്ട്രേഷനിലും സമ്പൂർണ്ണ തന്നിഷ്ടം നടപ്പാക്കുന്നുവെന്ന ആക്ഷേപത്തെക്കുറിച്ച് കമ്മിറ്റി പരിശോധിച്ചിരുന്നോ;

(സി) കോളേജുകൾക്ക് സ്വയംഭരണാവകാശത്തിനായി സർക്കാരിന്റെ അനുമതി കൂടാതെ നേരിട്ട് യു.ജി.സി.ക്ക് അപേക്ഷിക്കാമെന്ന യു.ജി.സി. വ്യവസ്ഥപ്രകാരം സംസ്ഥാനത്തെ ഏതൊക്കെ കോളേജുകൾ സ്വയംഭരണാവകാശത്തിനായി അപേക്ഷിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) ഉന്നതവിദ്യാഭ്യാസമേഖലയുടെ വരേണ്യവൽക്കരണത്തിനും സമൂഹത്തിന്റെ അരാഷ്ട്രീയവൽക്കരണത്തിനും വഴിവെക്കാനിടയുള്ള ഇത്തരം നീക്കങ്ങളെ അതിജീവിച്ചുകൊണ്ട് ഉന്നതവിദ്യാഭ്യാസമേഖലയുടെ ശക്തീകരണത്തിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

## മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി

*286. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, അനിൽ അക്കര

,, കെ.സി.ജോസഫ്

,, വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ കേന്ദ്ര ഫണ്ട് മുടങ്ങിയിട്ടുണ്ടോ; അതുമൂലം നിലവിൽ തൊഴിലുറപ്പ് പദ്ധതി പ്രതിസന്ധിയിലായിട്ടുണ്ടോ;

(ബി) തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികൾക്ക് നിലവിൽ എത്ര മാസത്തെ വേതന കുടിശ്ശികയുണ്ട്; കൂലിയിനത്തിൽ എന്ത് തുകയാണ് കേന്ദ്രത്തിൽ നിന്നും ലഭിക്കുവാനുള്ളത്;

(സി) പദ്ധതിയുടെ റിവ്യൂ റിപ്പോർട്ടും സോഷ്യൽ ആഡിറ്റ് റിപ്പോർട്ടും സംസ്ഥാന തൊഴിലുറപ്പ് മിഷൻ സമയബന്ധിതമായി കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിലേക്ക് നൽകിയിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിലുണ്ടായ ഉപേക്ഷ മൂലമാണ് കേന്ദ്ര ഫണ്ട് ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് എന്ന ആക്ഷേപം വസ്തുതയാണോ എന്നറിയിക്കാമോ?

## പൊതുഗതാഗത സംവിധാന സംരക്ഷണം

*287. ശ്രീ.സി.കെ. ഹരീന്ദ്രൻ

പ്രൊഫ.കെ.യു. അരുണൻ

ശ്രീ.കെ. ദാസൻ

,, എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

(എ) കേന്ദ്രസർക്കാർ മോട്ടോർ വാഹന നിയമത്തിൽ വരുത്തിയ ഭേദഗതികൾ പൊതുഗതാഗത സംവിധാനത്തെ പ്രതികൂലമായി ബാധിക്കുമെന്ന ആശങ്ക കേന്ദ്രസർക്കാരിനെ അറിയിച്ചിരുന്നോ;

(ബി) ആഡംബര ബസുകൾക്ക് അന്തർസംസ്ഥാന സർവ്വീസുകൾ ഉൾപ്പെടെ നടത്താൻ പെർമിറ്റിന്റെ ആവശ്യമില്ലെന്ന കേന്ദ്രസർക്കാർ വിജ്ഞാപനം പ്രാബല്യത്തിലായിട്ടുണ്ടോ; ഇത് സാമ്പത്തിക നില ഭദ്രമല്ലാത്ത കെ.എസ്.ആർ.ടി.സി.ക്ക് കൂടുതൽ പ്രതിസന്ധി സൃഷ്ടിക്കാനിടയുണ്ടോ;

(സി) ഈ നടപടിയിൽ നിന്ന് പിന്മാറാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കുമോ?

## ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ

*288. ശ്രീ.ബി.സത്യൻ

,, സജി ചെറിയാൻ

,, മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷിയുടെ പ്രോത്സാഹനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് പൂർണ്ണമായും ജൈവരീതിയിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ കമ്പോള വിലയേക്കാൾ ഉയർന്ന വിലയ്ക്ക് സംഭരിച്ച് കേരള ഓർഗാനിക് എന്ന ബ്രാൻഡ് നാമത്തിൽ വിപണനം ചെയ്തുവരുന്നുണ്ടോ; വിശദാംശം നൽകാമോ;

(സി) ജൈവ കാർഷികോല്പന്നങ്ങൾ എന്ന പേരിൽ കീടനാശിനി ഉപയോഗിച്ച കാർഷികോല്പന്നങ്ങൾ വിപണിയിൽ എത്തുന്ന സാഹചര്യത്തിൽ ഇത് സംബന്ധിച്ച് പൊതുജനങ്ങളിൽ ശരിയായ അവബോധം സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ?

## വായു മലിനീകരണം കുറയ്ക്കുന്ന തരത്തിലുള്ള വാഹനങ്ങൾ

*289. ശ്രീ.എം. മുകേഷ്

,, വി. കെ. സി. മമ്മത് കോയ

,, സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നതിനാൽ വാഹനങ്ങൾ സൃഷ്ടിക്കുന്ന വായു മലിനീകരണം കുറയ്ക്കുന്നതിന് മലിനീകരണമില്ലാത്ത ഇലക്ട്രിക് വാഹനങ്ങളുടെയും താരതമ്യേന മലിനീകരണം കുറഞ്ഞ എൽ.എൻ.ജി, സി.എൻ.ജി. ഇന്ധന വാഹനങ്ങളുടെയും ഉപയോഗം വ്യാപകമാക്കാൻ പരിപാടിയുണ്ടോ;

(ബി) സംസ്ഥാനം ഇലക്ട്രിക് വാഹന നയം പ്രഖ്യാപിച്ചിട്ടുണ്ടോ; ഇതിന്റെയടിസ്ഥാനത്തിൽ ചെയ്തു വരുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) പൊതുഗതാഗത സംവിധാനത്തിന് ഇത്തരം വാഹനങ്ങൾ നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; കെ.എസ്.ആർ.ടി.സി. ഇക്കാര്യത്തിൽ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന്

അറിയിക്കാമോ;

(ഡി) ഈ കാര്യത്തിലുള്ള പ്രാരംഭ പദ്ധതിയെന്ന നിലയിൽ കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസ് നിരത്തിലിറക്കിയതിന്റെ സാമ്പത്തിക വിജയം വിലയിരുത്തിയിരുന്നോ;

(ഇ) സാമ്പത്തിക ഭദ്രതക്കായി കഠിന ശ്രമം നടത്തുന്ന കെ.എസ്.ആർ.ടി.സി.യിൽ ഇത്തരം പദ്ധതിയുടെ ഫലമായുള്ള സാമ്പത്തികാഘാതം വിലയിരുത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ?

കാർഷിക കർമ്മസേന

*290. ശ്രീമതിഷാനിമോൾ ഉസ്മാൻ
ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ
,, ടി.ജെ. വിനോദ്
,, അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക കർമ്മസേന രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത കർമ്മസേന നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് പരമ്പരാഗത പച്ചക്കറി ഇനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; അതിനായി കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നറിയിക്കുമോ?

മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം

*291. ശ്രീ.വി.ടി.ബൽറാം
,, കെ.സി.ജോസഫ്
,, അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിനും അതിലൂടെ സുസ്ഥിര കാർഷിക വികസനം സാധ്യമാക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) സംസ്ഥാനത്ത് ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച അഗ്രോപാർക്കുകളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) കാർഷികവിളകളുടെ മൂല്യവർദ്ധിത സാധ്യത മനസ്സിലാക്കുന്നതിനും കാർഷിക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും നടത്തിയിട്ടുള്ള ഇടപെടലുകൾ എന്തൊക്കെയാണ്; അതിലൂടെ ഈ രംഗത്ത് ഉണ്ടായ മാറ്റം വിശദമാക്കാമോ?

കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ

*292. ശ്രീ.കെ. ബാബു
ശ്രീമതി യു. പ്രതിഭ
ശ്രീ.പി.വി. അൻവർ
,, എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടുംബശ്രീയുടെ ശക്തീകരണത്തിനായി നടപ്പിലാക്കിയിട്ടുള്ള നൂതന പദ്ധതികൾ വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി വയോജനങ്ങൾ, ട്രാൻസ്ജെൻഡറുകൾ, ഭിന്നശേഷിക്കാർ തുടങ്ങിയവർക്കായി രൂപീകരിച്ച പ്രത്യേക അയൽക്കൂട്ടങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഏതെല്ലാം ജില്ലകളിലാണ് ഇതര സംസ്ഥാന തൊഴിലാളികൾക്കായി അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളത്;

(ഡി) പട്ടിക ഗോത്രവർഗ്ഗ മേഖലകളിലെ സമഗ്ര പുരോഗതിയ്ക്കായി കുടുംബശ്രീ എന്തെല്ലാം ഇടപെടലുകളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ?

## സേഫ് കേരള പദ്ധതി

*293. ശ്രീ.എം. സി. കമറുദ്ദീൻ

,, പി.ഉബൈദുള്ള

ഡോ.എം. കെ. മുനീർ

ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരത്തുകളിൽ അപകടങ്ങൾ വർദ്ധിച്ചുവരുമ്പോഴും 2018-ൽ സർക്കാർ പ്രഖ്യാപിച്ച സേഫ് കേരള പദ്ധതി പൂർണ്ണസജ്ജമായി സംസ്ഥാനത്ത് നടപ്പാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പദ്ധതി പാതിവഴിയിൽ ഉപേക്ഷിക്കേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണങ്ങൾ വിശദീകരിക്കാമോ;

(സി) നിയമ ലംഘനങ്ങൾ കുറയ്ക്കുവാൻ ഉതകുന്ന പ്രസ്തുത പദ്ധതി തുടർന്ന് കൊണ്ടുപോകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ സേഫ് കേരള പദ്ധതി യാഥാർത്ഥ്യമാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

## കാർഷിക ആഭ്യന്തര വിപണി ശക്തീകരിക്കാൻ നടപടി

*294. ശ്രീ.ഡി.കെ. മുരളി

,, ജെയിംസ് മാത്യു

,, കെ.വി.വിജയദാസ്

,, സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാപ്പി, തേയില എന്നിവയുടെ കാര്യത്തിലെന്നപോലെ പച്ചക്കറികളുടെയും നേന്ത്രപ്പഴം ഉൾപ്പെടെയുള്ള വാഴപ്പഴങ്ങളുടെയും കാര്യത്തിൽ വൻകിട വിപണന കമ്പനികളും ഇടനിലക്കാരും ഉപഭോക്താവിൽ നിന്ന് വൻ വില ഈടാക്കുകയും കർഷകർക്ക് കൃഷിച്ചെലവ് പോലും ലഭിക്കാത്ത രീതിയിൽ വില നിർണ്ണയിച്ച് കർഷകരെ കടക്കെണിയിലാഴ്ത്തുകയും ചെയ്യുന്നത് തടയുന്നതിനായി ആഭ്യന്തര വിപണി

ശക്തീകരിക്കാൻ ചെയ്തു വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) കർണാടകയിലെയും മഹാരാഷ്ട്രയിലെയും ഉല്പാദക കമ്പനികളാൽ നിയന്ത്രിതമായ വിപണിയിൽ നിന്ന് സീസണുകളിൽ വളരെ കുറഞ്ഞ വിലയ്ക്ക് നേന്ത്രക്കായും പച്ചക്കറികളും സംസ്ഥാനത്തേക്ക് എത്തിക്കുന്നത് താരതമ്യേന മെച്ചപ്പെട്ട കാർഷിക മുറകൾ പാലിക്കുന്ന സംസ്ഥാനത്തെ കർഷകരെ പ്രതിസന്ധിയിലാക്കുന്നത് തടയാൻ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. തുടങ്ങിയവ മുഖേനയുള്ള മാർക്കറ്റിടപെടൽ കൂടുതൽ കാര്യക്ഷമമാക്കാൻ സാധ്യമാകുമോ;

(സി) ശീതീകരണ സൗകര്യങ്ങളോടുകൂടിയ സംഭരണ കേന്ദ്രങ്ങളും ഭക്ഷ്യോല്പന്ന സംസ്കരണ യൂണിറ്റുകളും സ്ഥാപിച്ചുകൊണ്ട് സംസ്ഥാനത്തെ കർഷകർക്ക് ന്യായ വില ലഭ്യമാക്കാൻ കാര്യക്ഷമമായ പ്രവർത്തനം ഉണ്ടാകുമോയെന്ന് അറിയിക്കുമോ?

<u>ബസ്സുകൾക്ക് പെർമിറ്റ് ഇല്ലാതെ സർവ്വീസ് നടത്തുന്നതിനുള്ള അനുമതി</u>

*295. ശ്രീ.സി. ദിവാകരൻ

,, ചിറ്റയം ഗോപകുമാർ

ശ്രീമതി ഗീതാ ഗോപി

ശ്രീ.മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 7.1.2020 തീയതിയിലെ ആർടി-16011/10 /2019-ടി നമ്പർ പ്രാഥമിക വിജ്ഞാപനത്തിൽ എ.സി.ഡീലക്സ് ബസ്സുകൾക്ക് സംസ്ഥാനത്ത് സർവ്വീസ് നടത്തുന്നതിനായി പെർമിറ്റ് ആവശ്യമാണെന്ന നിലവിലെ വ്യവസ്ഥ ഒഴിവാക്കി നൽകുന്നതിനുള്ള നിർദ്ദേശങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ നിർദ്ദേശം നടപ്പിലാക്കിയാൽ കൂടുതൽ സ്വകാര്യ കോൺട്രാക്റ്റ് ക്യാരേജുകൾ സർവ്വീസ് തുടങ്ങുന്നതിന് വഴിയൊരുക്കുമോയെന്ന് വിശദമാക്കുമോ;

(സി) ഇത് നടപ്പിലാക്കുമ്പോൾ ഏത് കോൺട്രാക്റ്റ് ക്യാര്യേജുകൾക്കും എവിടേക്കും ഇഷ്ടമുള്ള തുക ഈടാക്കി യാതൊരു നിയന്ത്രണവും ഇല്ലാതെ സർവ്വീസ് നടത്താവുന്ന സാഹചര്യം ഉണ്ടാകുമോ; വ്യക്തമാക്കുമോ;

(ഡി) രാത്രികാലങ്ങളിൽ അനധികൃതമായി നടത്തുന്ന ദീർഘദൂര/അന്തർ സംസ്ഥാന സർവീസുകൾ വ്യാപകമാകുന്ന സാഹചര്യം ഉണ്ടാകുമോ; ഇത് തടയുന്നതിന് സംസ്ഥാന സർക്കാരിന് എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ;

(ഇ) ഈ നിർദ്ദേശങ്ങൾ ബസ് സർവ്വീസ് മേഖലയെ കുത്തകകൾക്ക് കൈമാറിക്കൊണ്ട് കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള പൊതുമേഖലാ ട്രാൻസ്പോർട്ട് സംരംഭങ്ങളുടെ പൂർണ്ണ തകർച്ചക്ക് വഴിയൊരുക്കുമെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(എഫ്) സംസ്ഥാന ഗതാഗത മേഖലയെ ഗുരുതരമായി ബാധിക്കുന്ന ഈ വിഷയം കേന്ദ്രത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; ഇതിന്മേൽ കേന്ദ്ര സർക്കാരിന്റെ പ്രതികരണം അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## സ്വകാര്യ കോളേജ് മാനേജ്മെന്റുകളെ നിയന്ത്രിക്കാൻ നടപടി

*296. ശ്രീ.എ. എൻ. ഷംസീർ

,, ആർ. രാജേഷ്

,, ഐ.ബി. സതീഷ്

,, പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റേണൽ മാർക്ക്, ഹാജർ തുടങ്ങിയവ വിദ്യാർത്ഥികളെ വിനീത വിധേയരാക്കുന്നതിനുള്ള സമ്മർദ്ദോപാധികളായി സ്വകാര്യ സ്വാശ്രയ കോളേജുകളും എയിഡഡ് കോളേജുകളും വിനിയോഗിക്കുന്നത് മലബാർ ക്രിസ്ത്യൻ കോളേജിലെ ഡിഗ്രി വിദ്യാർത്ഥിയുടെ ആത്മഹത്യയിലേക്ക് നയിക്കുകയും അതുപോലെ നിരവധി വിദ്യാർത്ഥികളുടെ ഭാവി നശിപ്പിക്കുകയും ചെയ്യുന്നത് പോലെയുള്ള സ്ഥിതിവിശേഷം സംജാതമാക്കിയിട്ടുണ്ടോ;

(ബി) ഉന്നതവിദ്യാഭ്യാസ രംഗത്തിനുതന്നെ കളങ്കമുണ്ടാക്കുന്ന മാനേജ്മെന്റുകളുടെ ഇത്തരം പ്രവർത്തികൾ കർശനമായി തടയാൻ നടപടി സ്വീകരിക്കുമോ;

(സി) മാനേജ്മെന്റുകളുടെ വിവിധ അസോസിയേഷനുകൾക്കും പ്രിൻസിപ്പൽ കൗൺസിലുകൾ ഉൾപ്പെടെയുള്ള സംഘടനകൾക്കും നിർബാധം പ്രവർത്തിക്കാനുള്ള ജനാധിപത്യാവകാശം ലഭ്യമാകുന്നിടത്ത് വിദ്യാർത്ഥികളുടെ സംഘടിക്കാനുള്ള മൗലികാവകാശം ഹനിക്കുന്ന യുക്തിഹീനമായ ഇടപെടലുകൾക്കെതിരെ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ വിശദീകരിക്കാമോ;

(ഡി) സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ചുള്ള ദിനേശൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിൽ നടപടിയെടുക്കാൻ നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

## സുസ്ഥിര കാർഷിക വികസനം

*297. ശ്രീ.സി. കെ. ശശീന്ദ്രൻ

,, രാജു എബ്രഹാം

,, കെ.കുഞ്ഞിരാമൻ

,, പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജനസംഖ്യയിലെ പകുതിയോളം പേർ ഉപജീവനത്തിനായി ആശ്രയിക്കുന്ന കാർഷിക മേഖലയിൽ കാലാവസ്ഥാ വ്യതിയാനവും വിലയിലെ അസ്ഥിരതയും സൃഷ്ടിക്കുന്ന അനിശ്ചിതാവസ്ഥയ്ക്ക് ഒരു പരിധിവരെയെങ്കിലും പരിഹാരം കാണാൻ കഴിയുന്ന വിധത്തിൽ സുസ്ഥിര കാർഷിക വികസനത്തിനായി ജൈവകൃഷിയും ഉത്തമ കൃഷിരീതികളും പരിപോഷിപ്പിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്;

(ബി) അതോടൊപ്പം ശാസ്ത്ര വികാസവും കാർഷിക സാങ്കേതിക വിദ്യകളുടെ പുരോഗതിയും സൃഷ്ടിക്കുന്ന നൂതന രീതികൾ കർഷകരിലേക്കെത്തിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) ജൈവ കാർഷികോല്പന്നങ്ങളുടെ വിശ്വാസ്യത ഉറപ്പാക്കി സുസ്ഥിര വിപണിയും ന്യായവിലയും ലഭ്യമാക്കുന്നതിനുള്ള പരിപാടികളെക്കുറിച്ച് അറിയിക്കാമോ?

## കേരഗ്രാമം പദ്ധതി

*298. ശ്രീ.എം. രാജഗോപാലൻ

,, വി. അബ്ദുറഹിമാൻ

,, ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ശാസ്ത്രീയമായ കൃഷിരീതികൾ അവലംബിച്ച് ഉല്പാദന ചെലവ് പരമാവധി കുറച്ച് സമഗ്ര നാളികേര വികസനത്തിന് കർഷകരെ പ്രാപ്തരാക്കുന്നതിന് എന്തെല്ലാം ഘടകങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) കേരളത്തിൽ തെങ്ങുകൃഷിയുടെ വിസ്തൃതി കുറഞ്ഞുവരുന്നതിനുള്ള കാരണങ്ങൾ പരിശോധിച്ച് കണ്ടെത്തുന്നതിനും തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## കാർഷിക മേഖലയുടെ പുനർനിർമ്മാണം

*299. ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ

,, കെ. രാജൻ

ശ്രീമതി ഗീതാ ഗോപി

ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക മേഖലയുടെ പുനർനിർമ്മാണത്തിന്റെ ഭാഗമായി ഈ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) കൃഷി വകുപ്പിൽ നടപ്പാക്കുന്ന ആധുനികവൽക്കരണ ശ്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്ത് കാർഷിക കൗൺസിലിംഗ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് തയ്യാറാകുമോ; ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) മൂല്യവർദ്ധിത മേഖലകളിൽ ചെറുകിട/ഇടത്തരം സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ വിശദമാക്കുമോ;

(ഇ) പഴം, പച്ചക്കറി ഉല്പന്നങ്ങളുടെ ട്രേസബിലിറ്റി സിസ്റ്റം വികസിപ്പിക്കുന്നതിന്റെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ?

## വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ പ്രവർത്തനങ്ങൾ

*300\. ശ്രീ.യു. ആർ. പ്രദീപ്

,, റ്റി.വി.രാജേഷ്

,, ഒ. ആർ. കേളു

,, കാരാട്ട് റസാഖ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വി.എഫ്.പി.സി.കെ.യുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാനും കർഷകരുടെയും കർഷക സംഘങ്ങളുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊണ്ടുകൊണ്ട് വിപുലീകരിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷിക്കുക, അവരുടെ ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിന് വി.എഫ്.പി.സി.കെ.യ്ക്ക് എത്രമാത്രം കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, എസ് വി ഉണ്ണികൃഷ്ണൻ നായർ,

തിരുവനന്തപുരം, സെക്രട്ടറി,

07-03-2020

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.